# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1885
## 07.12.2015- ലെ മറുപടിക്ക്

### ആസ്തി വികസന ഫണ്ടിലെ പ്രപ്പോസലുകൾ

| ചോദ്യം<br>**ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ** | ഉത്തരം<br>**മുഖ്യമന്ത്രി** |
|---|---|
| (എ) പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്നും 2011-12 മുതൽ 2015-16 വരെ വിദ്യാഭ്യാസം, ആരോഗ്യ കുടുംബ ക്ഷേമം, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും എന്തൊക്കെ പ്രപ്പോസലുകൾ ലഭിച്ചു എന്നും ഓരോ പ്രവൃത്തിയുടേയും പ്രപ്പോസൽ എന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ; | പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി ആരംഭിച്ച സാമ്പത്തിക വർഷം 2012-13 മുതൽ 2015 ഡിസംബർ വരെ വിദ്യാഭ്യാസം, ആരോഗ്യ കുടുംബക്ഷേമം, ജലവിഭവം, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകൾ ശുപാർശ ചെയ്ത് ലഭിക്കുകയും ധനകാര്യ വകുപ്പ് അനുമതി നൽകിയതുമായ പ്രപ്പോസലുകളുടെ വിശദ വിവരം അനുബന്ധം I ൽ ചേർത്തിരിക്കുന്നു. |
| (ബി) എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു എന്നും ഏതൊക്കെ പ്രവൃത്തി പൂർത്തിയായെന്നും വിശദമാക്കുമോ; | 2012-13 മുതൽ 2015 ഡിസംബർ വരെ ധനകാര്യ വകുപ്പ് അനുമതി നൽകിയ 13 പ്രവൃത്തികൾക്കും ബന്ധപ്പെട്ട ഭരണവകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം II ൽ ചേർക്കുന്നു. |
| (സി) ഭരണാനുമതി നൽകാത്ത പ്രപ്പോസലുകളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | 2012-13 മുതൽ 2015 ഡിസംബർ വരെ ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രപ്പോസലുകളിൽ ഭരണാനുമതി നൽകാത്തവ ഒന്നും തന്നെ ഇല്ല. |

അക്കൗണ്ട്സ് ഓഫീസർ